"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മുഹമ്മ ഗ്രാമപഞ്ചായത്ത് - 2024 ലെ പാതിരാമണൽ ഫെസ്റ്റിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3038/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 21.11.2024 തീയതിയിലെ അപേക്ഷ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 28-12-2024, 13.10.2025 തീയതികളിലെ LSGD/PD/42649/2024-GEB4 നമ്പർ കത്തുകൾ.

**ഉത്തരവ്**

മുഹമ്മ ഗ്രാമപഞ്ചായത്തിലെ ടൂറിസ്റ്റ്കേന്ദ്രമായ പാതിരാമണലിൽ 2024 ഡിസംബർ 26 മുതൽ 30 വരെ സംഘടിപ്പിച്ച പാതിരാമണൽ ഫെസ്റ്റിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് മുഹമ്മ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പരിപാടി കഴിഞ്ഞ സാഹചര്യത്തിൽ പരിപാടിയുടെ വരവ് ചെലവ് വിവരങ്ങൾ സഹിതമുള്ള റിപ്പോർട്ടും തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ഡിസംബർ 26 മുതൽ 30 വരെ മുഹമ്മ ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച പാതിരാമണൽ ഫെസ്റ്റ് നടത്തിപ്പിന് വരവിൽ കവിഞ്ഞ് ചെലവഴിച്ച 2,52,085/- (രണ്ടു ലക്ഷത്തി അൻപത്തിരണ്ടായിരത്തി എൺപത്തഞ്ച് രൂപ മാത്രം ) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 23-12-2025 11:26:34

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.